മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# ലോക മണ്ണുദിനാചരണം

**കോയമ്പത്തൂർ ▸** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിൽ ലോക മണ്ണുദിനം ആചരിച്ചു. ഐ.എഫ്.ജി.ടി.ബി. ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ ഉദ്ഘാടനംചെയ്തു. വിദ്യാർഥികൾക്കായി തയ്യാറാക്കിയ ബോധവത്കരണ പോസ്റ്റർ അദ്ദേഹം പ്രകാശനംചെയ്തു. മണ്ണുദിനത്തിന്റെ പ്രാധാന്യം ഡോ. സി കുഞ്ഞിക്കണ്ണൻ വിശദീകരിച്ചു.

വന ജനിതക ശാസ്ത്രജ്ഞനും എൻവിസ് മേധാവിയുമായ ഡോ കണ്ണൻവാരിയർ മുഖ്യ പ്രഭാഷണം നടത്തി. വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി ഓൺലൈൻ മണ്ണ് ബോധവത്കരണ പ്രശ്നാത്തരിയും നടത്തി. പങ്കെടുത്തവർക്കെല്ലാം ഇ-സർട്ടിഫിക്കറ്റുകൾ വിതരണംചെയ്തു.




▶ ലോക മണ്ണുദിനാചരണത്തോടനുബന്ധിച്ച് പുറത്തിറക്കിയ ബോധവത്കരണ പോസ്റ്റർ ഐ.എഫ്.ജി.ടി.ബി. ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ പ്രകാശനം ചെയ്യുമ്പോൾ

70. News in Mathrubhumi, Coimbatore, 04.12.2021, Digital Observance World Soil Day by IFGTB ENVIS.